കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 9 | ആഗസ്റ്റ് 31 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ഓണത്തിന് കൃഷി വകുപ്പിന്റെ 2010 നാടൻ കർഷക ചന്തകൾ : കൃഷിമന്ത്രി

3 ഓണവിഭവങ്ങളുമായി വീട്ടുമുറ്റത്തേക്ക് സഞ്ചരിക്കുന്ന ഹോർട്ടിസ്റ്റോറുകൾ

6 നല്ലൊരു നാളേയ്ക്കായ് ഒരു ദീർഘദർശനം കൃഷിദർശൻ

# കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണം

## കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

കേരളത്തിന്റെ പ്രത്യേക സാഹചര്യവും നാളികേര കൃഷിയിലെ നിലവിലെ വരവ് ചെലവിന്റെയും അടിസ്ഥാനത്തിൽ കൊപ്രയുടെ താങ്ങു വിലയിൽ വർദ്ധന ഉണ്ടാകണമെന്ന് കേന്ദ്രവില നിർണയ കമ്മീഷനോട് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് ആവശ്യപ്പെട്ടു. 2023 സീസണിലേക്കുള്ള കൊപ്രയുടെ താങ്ങുവില നിർണയിക്കുന്നതിനുള്ള അഗ്രികൾച്ചറൽ കോസ്റ്റ്സ് ആൻഡ് പ്രൈസസ് കമ്മീഷന്റെ യോഗം തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. നാളികേര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളെയും കൂടി ഉൾപ്പെടുത്തി സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിലാണ് കൊപ്ര പ്രൈസ് പോളിസി യോഗം സംസ്ഥാനത്ത് സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ഫീൽഡ് സന്ദർശനത്തിനു കൂടിയാണ് കമ്മീഷൻ സംഘം കേരളത്തിൽ എത്തിയത്.



സംസ്ഥാനത്ത് കൊപ്ര സംസ്കരണം നടത്തുന്ന കർഷകർ കുറവായതിനാൽ കൊപ്രയ്ക്ക് പകരം പൊതിച്ച തേങ്ങയ്ക്കാണ് താങ്ങുവില നിശ്ചയിക്കേണ്ടതെന്ന് മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു. കൂടാതെ കേരഫെഡ് പോലെ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഏജൻസികൾക്ക് കൊപ്ര സംഭരണത്തിൽ വിലക്ക് ഏർപ്പെടുത്തി കൊണ്ടുള്ള കേന്ദ്ര ഏജൻസിയായ നാഫെഡിന്റെ മാനദണ്ഡങ്ങൾ പുനപരിശോധിക്കണമെന്നും അദ്ദേഹം ആവശ്യം ഉന്നയിച്ചു. കോസ്റ്റ് ആൻഡ് പ്രൈസസ് കമ്മീഷൻ ചെയർമാൻ പ്രൊഫ. വിജയ് പോൾ ശർമ, സാമ്പത്തിക ഉപദേഷ്ടാവ് ശ്രീ. മുഹമ്മദ് നസിമുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ലീന കുമാർ, അസി. ഡയറക്ടർ ശ്രീ. സലാം സുന്ദർ സിംഗ്, സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ, കൃഷി വകുപ്പ് സെക്രട്ടറി ഡോ. ബി അശോക് ഐ.എ.എസ്, കൃഷി ഡയറക്ടർ ശ്രീ. സുഭാഷ് ടിവി ഐഎഎസ്, കൃഷി ഡയറക്ടർമാരായ ശ്രീ. ശിവകുമാർ (തമിഴ്നാട്), ഡോ പ്രകാശ് (കർണ്ണാടക), ശ്രീ. സുനിൽകുമാർ (കേരള), നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ ബോർഡ്, കർഷകോത്പാദക കമ്പനി പ്രതിനിധികൾ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.



ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. സരിതാ വിജയൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ഓണത്തിന് കൃഷി വകുപ്പിന്റെ 2010 നാടൻ കർഷക ചന്തകൾ : കൃഷിമന്ത്രി

കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ നടപടികളുടെ ഭാഗമായി ഓണം സീസണിൽ 2010 നാടൻ കർഷക ചന്തകൾ സജ്ജീകരിക്കുമെന്ന് കൃഷി മന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിനൊപ്പം ഹോർട്ടികോർപ്പും VFPCK യും സംയുക്തമായാണ് വിപണികൾ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പിന്റെ 1350 കർഷക ചന്തകളും ഹോർട്ടികോർപ്പിന്റെ 500 ചന്തകളും VFPCK യുടെ 160 ചന്തകളുമാണ് സംസ്ഥാനമൊട്ടാകെ സെപ്റ്റംബർ 4 മുതൽ 7 വരെയുള്ള നാല് ദിവസങ്ങളിലായി പ്രവർത്തിക്കുക. കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സെപ്റ്റംബർ 3 ന് വൈകുന്നേരം തിരുവനന്തപുരത്തെ ഹോർട്ടികോർപ്പ് വിപണിയിൽ വച്ച് നിർവഹിക്കും. കൃഷിവകുപ്പിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ, എ. ഗ്രേഡ് ക്ലസ്റ്ററുകൾ, എക്കോ ഷോപ്പുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാണ് കൃഷിഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കുക.

ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണ വിപണികളിലേക്ക് ആവശ്യമായ പഴം- പച്ചക്കറികൾ പരമാവധി അതാത് ജില്ലകളിലെ കർഷകരിൽനിന്നുമായിരിക്കും സംഭരിക്കുക. കർഷകരിൽ നിന്നും ലഭിക്കാത്ത പച്ചക്കറികൾ മാത്രം ഹോർട്ടികോർപ്പ് അയൽസംസ്ഥാനങ്ങളിലെ കർഷക ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് എത്തിക്കുന്നതായിരിക്കും.

ഓണവിപണികൾക്കായി കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതും ഓണവിപണി കളിലൂടെ വില്പന നടത്തുമ്പോൾ പൊതുവിപണിയിലെ വില്പന വിലയേക്കാൾ 30% കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുമാണ്.

നല്ല കൃഷി മുറ സമ്പ്രദായത്തിലൂടെ ഉത്പാദിപ്പിക്കപ്പെട്ട GAP സർട്ടിഫൈഡ് പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതുവിപണിയിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20 ശതമാനം അധിക വില നൽകി സംഭരിക്കുകയും പൊതു വിപണി വിലയിൽ നിന്നും 10% കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നതുമാണ്. കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വിഎഫ്പിസികെ എന്നിവർ നടത്തുന്ന സ്റ്റാളുകളിൽ നാടൻ പച്ചക്കറികൾ, GAP പച്ചക്കറി ഉത്പന്നങ്ങൾ, വട്ടവട കാന്തല്ലൂർ പച്ചക്കറികൾ, എന്നിവയ്ക്ക് പ്രത്യേകം ബോർഡുകൾ ഉണ്ടായിരിക്കുമെന്നും മന്ത്രി അറിയിച്ചു.



# ഓണവിഭവങ്ങളുമായി വീട്ടുമുറ്റത്തേക്ക് സഞ്ചരിക്കുന്ന ഹോർട്ടിസ്റ്റോറുകൾ



കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണവിപണിയോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 7 വരെസംസ്ഥാനത്തൊട്ടാകെ 2010 നാടൻ കർഷകചന്തകൾ നടപ്പിലാക്കുന്നു. ഇതിനോടനുബന്ധിച്ച എല്ലാജില്ലകളിലും ഹോർട്ടികോർപ്പിന്റെ മൊബൈൽ ഹോർട്ടിസ്റ്റോറുകൾ വഴി വിവിധ ഉത്പന്നങ്ങൾ വിതരണം നടത്തുന്ന പദ്ധതിക്കുകൂടി തുടക്കമായി. ഏകീകൃത മാതൃകയിലുള്ള സഞ്ചരിക്കുന്ന യൂണിറ്റുകൾ ജില്ലകളിലെ എല്ലാനിയോജകമണ്ഡലങ്ങളിലും എത്തുന്നതരത്തിൽ ഒരാഴ്ചപ്രവർത്തിക്കും. സഞ്ചരിക്കുന്ന യൂണിറ്റുകളുടെ ഫ്ളാഗ്ഓഫ്കർമം 31/08/22 വൈകുന്നേരം 4 മണിക്ക് നിയമസഭാ സമുച്ചയത്തിനു മുന്നിൽ വച്ച് ഗതാഗതവകുപ്പ് മന്ത്രിആന്റണി രാജുവിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രിപ ി.പ്രസാദ് നിർവ്വഹിച്ചു.

സഞ്ചരിക്കുന്ന ഹോർട്ടിസ്റ്റോറുകൾ വഴി പഴം പച്ചക്കറികൾ, കർഷകർ ഉല്പാദിപ്പിക്കുന്ന നാടൻ വിഭവങ്ങൾ, കർഷകകൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ, ഹോർട്ടികോർപ്പിന്റെ തേൻ, തേൻ ഉൽപ്പന്നങ്ങൾ, മറ്റുപൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളായ കേരജം വെളിച്ചെണ്ണ, മറയൂർശർക്കര, കേര ഉൽപ്പന്നങ്ങൾ, കുട്ടനാടൻ അരി, കൊടുമൺ ഇമി എന്നിങ്ങനെ ഓണക്കാലത്ത് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാകും. ആദ്യവില്പന കൃഷിവകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജുവിന് നൽകികൊണ്ട് നിർവഹിച്ചു. ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ. എസ്. വേണുഗോപാൽ, കൃഷിവകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് IAS, അഡിഷണൽ ഡയറക്ടർ ശ്രീ. ജോർജ് അലക്സാണ്ടർ, ശ്രീ.സുനിൽകുമാർ, ഹോർട്ടികോർപ്പ് എം ഡി ശ്രീ. ജെ. സജീവ്, സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ചെയർമാൻ ശ്രീ. ശിവശങ്കരപ്പിള്ള, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



# ഓണ വിപണിയിൽ പഴം പച്ചക്കറികൾക്ക് വില നിയന്ത്രിക്കാൻ കൃഷി വകുപ്പ് സുസജ്ജം

ഓണക്കാലത്ത് പഴം പച്ചക്കറികൾക്ക് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ ഫലപ്രദമായ നടപടികൾ ഇതിനകം തന്നെ കൃഷിവകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ വിപണി വിലയേക്കാൾ 30 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി രണ്ടായിരത്തിൽപരം ഓണവിപണികൾ കൃഷിവകുപ്പ് സംഘടിപ്പിച്ചിരിക്കുകയാണ്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന വില്പനശാലകളും ഇതിനകം തന്നെ പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. ഓണവിപണിയിൽ പഴം പച്ചക്കറികൾ പൊതുവിപണിയെക്കാൾ താഴ്ന്ന വിലയിൽ ലഭ്യമാക്കുന്നതിനൊപ്പം പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന കർഷകർക്കും ഗുണകരമാകുന്ന നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. 10 ശതമാനം അധിക വില നൽകി കർഷകരിൽ നിന്നും സംഭരിക്കുന്ന പഴം പച്ചക്കറികളാണ് പൊതു വിപണിയിലെ വിലയേക്കാൾ 30 ശതമാനം കുറച്ച് ഓണ വിപണികൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. ഇതിനായി കൃഷിവകുപ്പ്, ഹോർട്ടികോർപ്, വി എഫ് പി സി കെ എന്നിവയുടെ നേതൃത്വത്തിൽ ഒരു വിലനിർണയ കമ്മിറ്റിയുടെ മേൽനോട്ടവും പ്രാദേശിക വിപണിയുടെ വില നിലവാരം പരിശോധിച്ച്, ജില്ലാ അടിസ്ഥാനത്തിൽ പഴം പച്ചക്കറികൾക്ക് ഏകീകൃത വില നിശ്ചയിക്കുന്ന സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.



പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് 'ഫ്രഷ്' ആയിത്തന്നെ നേരിട്ട് ലഭ്യമാക്കുവാൻ ശീതീകരണ സംവിധാനമുള്ള 19 റീഫർ വാനുകൾ വിപണനം നടത്തുന്നുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് ആവശ്യമുള്ളതുമായ പച്ചക്കറികൾ മറ്റു സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും കൃഷിവകുപ്പ് എടുത്തിട്ടുണ്ട്. ഇതിനായി തമിഴ്നാട് കൃഷിവകുപ്പുമായി സഹകരിച്ച് തെങ്കാശിയിലെ കർഷക കൂട്ടായ്മ വഴി പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വളരെ മുന്നേ തന്നെ ആരംഭിച്ചിട്ടുള്ളതാണ്. 'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി' പദ്ധതി പ്രകാരം 16 ഇനം പച്ചക്കറികൾക്ക് താങ്ങ് വില പ്രഖ്യാപിച്ചിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്. എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും ഹോർട്ടികോർപ് പഴം പച്ചക്കറികൾ 13 ജില്ലാ സംഭരണങ്ങൾ കേന്ദ്രങ്ങൾ വഴിയും 6 ഉപസംഭരണ കേന്ദ്രങ്ങൾ വഴിയും സംഭരണം നടത്തി ഹോർട്ടികോർപിന്റെ തന്നെ സ്റ്റാളുകൾ വഴി വിപണനം നടത്തുകയാണ്. ഇതു കൂടാതെ വി.എഫ്.പി.സി.കെ സ്റ്റാളുകൾ, ഇക്കോ ഷോപ്പുകൾ, കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവ വഴിയും കർഷകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്.

ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി പ്രകാരം ഓരോ വീട്ടുവളപ്പിലും ആവശ്യമായ ജൈവ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വേണ്ട സംവിധാനങ്ങളാണുള്ളത്. നെല്ല് സംഭരണ മാതൃകയിൽ പഴം പച്ചക്കറി കർഷകർക്കും ഉടൻ പണം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം ഉത്പാദനം - സംഭരണം - വിപണനം എന്നിവക്കായി കൃഷിഭവൻ തലത്തിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 25000 ലധികം കൃഷിക്കൂട്ടങ്ങൾ ഇതിനകം തന്നെ രൂപീകരിച്ചു കഴിഞ്ഞു. ഇതിൽ 20 ശതമാനം കൃഷിക്കൂട്ടങ്ങൾ വിപണനം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നവയായിരിക്കും. മികച്ച രീതിയിൽ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന ഗ്രേഡഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് പതിനായിരം രൂപ വച്ച് അധികമായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ വിപണി ഇടപെടൽ നടത്തുന്ന ഇക്കോ ഷോപ്പുകൾ ശാക്തീകരിക്കുന്നതിനും ഇക്കോ ഷോപ്പുകൾ നിലവിൽ ഇല്ലാത്ത ഇടങ്ങളിൽ പുതിയത് രൂപീകരിക്കുന്നതിനും പദ്ധതി ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി സഹകരിപ്പിച്ചുകൊണ്ട് ഉത്പാദക സമിതികൾ, സൊസൈറ്റികൾ എന്നിവ കൂടി പ്രാദേശിക വിപണനത്തിനായി കണ്ടെത്താനും പുതിയ നഗര വഴിയോര ചന്തകൾ രൂപീകരിക്കാനും ജൈവ രീതിയിലൂടെയും ഉത്തമ പരിപാലന മുറകളിലൂടെയും ഉത്പാദിപ്പിച്ച കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഹൈടെക് സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

# പച്ചക്കറികളിലെ വിഷാംശം : തമിഴ്നാടിനോട് സർക്കാർ ഗുണനിലവാര നിയന്ത്രണം കാര്യക്ഷമമാക്കണമെന്ന ആവശ്യമുന്നയിച്ച് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

ചി തമിഴ്നാട്ടിൽനിന്നും അതിർത്തി കടന്നെത്തുന്ന പച്ചക്കറികളിലെ തുടർച്ചയായുള്ള പരിശോധനകളിൽ അപകടകരമായ രീതിയിൽ രാസകീടനാശിനികളുടെ അവശിഷ്ട വീര്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനെ തുടർന്ന് ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരിന്റെ മേൽനോട്ടവും കർഷകർക്കുള്ള ബോധവൽക്കരണവും ശക്തമാക്കണമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം കെ സ്റ്റാലിനോട് ആവശ്യപ്പെട്ടു. കൃഷി വകുപ്പ് മന്ത്രിയും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ശ്രീ. ജി. ആർ അനിലും ചേർന്ന് ചെന്നൈയിൽ തമിഴ്നാട് മുഖ്യമന്ത്രിയെ സന്ദർശിച്ച അവസരത്തിലാണ് കേരള സർക്കാരിന്റെ ആവശ്യമായി ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയത്. അതുപോലെ തന്നെ രാജ്യാന്തര നിലവാരം പുലർത്തുന്ന കാംകോ ഉല്പാദിപ്പിക്കുന്ന ടില്ലർ അടക്കമുള്ള കാർഷിക യന്ത്രങ്ങൾ മറ്റു സംസ്ഥാനങ്ങളെ പോലെ തമിഴ്നാട്ടിലും ലഭ്യമാക്കുന്നതിന് താല്പര്യമെടുക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറികളായ മുരിങ്ങ,കറിവേപ്പില, മല്ലിയില, പച്ചമുളക്, കാപ്സിക്കം, ബീൻസ്, ബീറ്റ്റൂട്ട്, ക്യാരറ്റ്, പാവയ്ക്ക എന്നിവകളിൽ പലപ്പോഴും നിരോധിത കീടനാശിനികളുടെ സാന്നിധ്യം വളരെ കൂടിയതോതിലാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ ജൈവവളങ്ങൾ എന്ന പേരിൽ തമിഴ്നാട്ടിൽ നിന്നും എത്തുന്ന കോഴിവളം, കൊക്കോ പീറ്റ്, വിവിധഇനം കമ്പോസ്റ്റുകൾ എന്നിവയിൽ പലപ്പോഴും ഘന ലോഹങ്ങളുടെ സാന്നിധ്യവും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ രണ്ടു കാര്യങ്ങളിലും ഒരു ഗുണനിലവാര പരിശോധന സംവിധാനം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ (കാംകോ) ചെറുകിട യന്ത്രങ്ങൾക്ക് തമിഴ്നാട്ടിൽ കർഷകരുടെ ഇടയിൽ പ്രിയമേറി വരികയാണ്. ചെറുകിട കൃഷിയിടങ്ങൾക്കനുയോജ്യമായ ടില്ലറുകൾ, മിനി ട്രാക്ടറുകൾ തുടങ്ങി ധാരാളം യന്ത്രോ പകരണങ്ങൾ നിർമ്മിച്ച് കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും കാംകോ വിതരണം ചെയ്തുവരുന്നുണ്ട്. തമിഴ്നാടും കേരളവുമായി ശക്തമായ ഉഭയകക്ഷി ബന്ധം തുടരുന്നതിനാലും കാർഷികമേഖലയിൽ പരസ്പര സഹവർത്തിത്വത്തിലൂടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നതിനാലും കാംകോയുടെ യന്ത്രങ്ങൾ തമിഴ്നാട്ടിലെ കർഷകർ കൂടുതലായി ആശ്രയിക്കാനാണ് സാധ്യതയെന്നും മന്ത്രി പറഞ്ഞു.



# ലോക പേവിഷ ദിനാചരണം

ലോക പേവിഷ ദിനാചരണത്തിന്റെ ഭാഗമായി ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ ആലപ്പുഴ യൂണിറ്റ്, മൃഗസംരക്ഷണ വകുപ്പ്, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികൾ ജില്ലയിൽ നടപ്പിലാക്കുന്നു. തെരുവ് നായ്ക്കൾക്കുള്ള പേ വിഷബാധയ്ക്ക് എതിരായ പ്രധിരോധ കുത്തിവയ്പുകൾ, താലൂക്ക് തലത്തിലും ജില്ലാതലത്തിലും സ്കൂൾ കുട്ടികൾക്കായുള്ള ബോധവൽക്കരണ ക്ലാസുകൾ, ജില്ലാ തല ക്വിസ് മൽസരം, പോസ്റ്റർ ഡിസൈൻ മൽസരം എന്നിവ ഇതിൽ ഉൾപ്പെടുന്നു. അരുമ മൃഗങ്ങൾക്കുള്ള പേവിഷ പ്രതിരോധ കുത്തിവെപ്പ്, ലൈസൻസിംഗ്, എന്നിവയുടെ ആവശ്യകത പൊതുജനങ്ങളെ അറിയിക്കുന്നതിനായി സെപ്റ്റംബർ 18 ന് ബീച്ച് റൺ ആലപ്പുഴയിൽ നടത്തും.



ഓഗസ്റ്റ് 21 ന് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഇതിൻ്റെ ഭാഗമായി JCI എയ്ഞ്ചൽ സിറ്റിയുമായി ചേർന്ന് തെരുവ് നായ്ക്കൾക്കുള്ള പേവിഷ പ്രധിരോധ കുത്തി വയ്പ്പ് നടത്തി. Dr Dipu Philip Mathew, Dr Chitra, Dr വൈഷ്ണവി, Dr രോഹിണി, JCI ഭാരവാഹി അമ്മു എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്.

തെരുവ് നായ്ക്കളെ സംരക്ഷിക്കുന്ന സന്നദ്ധ പ്രവർത്തകർ, വ്യാപാരികൾ, പോലീസ്, മുനിസിപ്പാലിറ്റി എന്നിവരുടെ സഹകരണവും ഈ പരിപാടി വിജയിപ്പിക്കുന്നതിന് വലിയ പങ്ക് വഹിച്ചു. JCI ആണ് ഇതിനുള്ള ചിലവ് മുഴുവൻ വഹിച്ചത്. രാവിലെ 9 മണിക്ക് തുടങ്ങിയ പ്രധിരോധ കുത്തി വയ്പ്പ് രാത്രി 7 മണിക്കാണ് അവസാനിച്ചത്. ഒരു ദിവസം കൊണ്ട് തന്നെ 90 നായ്ക്കൾക്ക് കുത്തി വയ്പ്പ് നടത്താൻ കഴിഞ്ഞു. കുത്തി വയ്പ്പ് എടുത്ത നായ്ക്കളെ തിരിച്ചറിയാൻ സ്പ്രേ പെയിൻ്റ് ഉപയോഗിച്ചുള്ള അടയാളം ആണ് ഉപയോഗിച്ചത്.

# നല്ലൊരു നാളേയ്ക്കായ് ഒരു ദീർഘദർശനം കൃഷിദർശൻ

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

യഥാർത്ഥ വികസനം ഗ്രാമങ്ങളിൽ നിന്നും തുടങ്ങുന്നു എന്ന മഹത് ദർശനത്തെ കർമ്മപഥത്തിൽ തെളിയിക്കുന്നതിനുള്ള മഹത്തായ ഒരു പദ്ധതിയ്ക്കാണ് ഇക്കഴിഞ്ഞ കർഷക ദിനത്തിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിക്കൊണ്ട് തുടക്കമിട്ടത്. സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിൽ കർഷകരോട് സംബന്ധിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുന്നതിനായി ആരംഭിക്കുന്ന കൃഷിദർശൻ പരിപാടിയെ കാർഷിക വിജ്ഞാന വ്യാപന രംഗത്തെ ഒരു സുപ്രധാന ചുവടുവെയ്പ്പായാണ് സംസ്ഥാന സർക്കാരും കൃഷിവകുപ്പും കാണുന്നത്. കാർഷിക വിജ്ഞാന വ്യാപനം അതിന്റെ അക്ഷരാർത്ഥത്തിൽ ശക്തമായിരുന്ന ഗതകാല ചരിത്രത്തിന്റെ പുനരാവിഷ്കാരം എന്ന നിലയിൽ കൂടി ഈ പരിപാടി കാർഷിക കേരളത്തിന് ഏറെ പ്രതീക്ഷ നൽകുന്നു.

## പശ്ചാത്തലം

1987-ൽ കൃഷിഭവനകൾ നിലവിൽ വരുന്നതിനു മുമ്പ് കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജുകളും പദ്ധതികളുമായിരുന്നു സംസ്ഥാനത്ത് ഉണ്ടായിരുന്നത്. 1960-ലെ പാക്കേജ് പദ്ധതിക്കും 1968 ലെ എലാവികസന പദ്ധതിയ്ക്കും ശേഷം കർഷകരുടെ ഹൃദയം തൊട്ടറിഞ്ഞ മറ്റൊരു പദ്ധതിയായിരുന്നു 1981- ൽ ആരംഭിച്ച ട്രെയിനിങ് ആൻഡ് വിസിറ്റ് സിസ്റ്റം (T&V Programme). ഇതിൽ ഓരോ ഫീൽഡ്തല ഉദ്യോഗസ്ഥരും നിരന്തരം കർഷക കുടുംബങ്ങളുമായി നേരിൽകണ്ട് ചർച്ചകൾ നടത്തിയിരുന്നു. ഫീൽഡ് തലത്തിൽ ഉത്ഭവിക്കുന്ന കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് ഒരു സബ്ഡിവിഷൻ അഗ്രികൾച്ചർ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സബ്ഡിവിഷൻ ഓഫീസും അവിടെ തന്നെ ഒരു സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റും പ്രവർത്തിച്ചിരുന്നു. ഇത്തരത്തിൽ വളരെ ചിട്ടയായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ട്രെയിനിങ് ആൻഡ് വിസിറ്റ് സിസ്റ്റത്തിന്റെ കീഴിൽ നടന്നിരുന്നു. തൊണ്ണൂറുകൾക്ക് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള കൃഷിഭവനകൾ എന്ന സംവിധാനത്തിലൂടെ പ്രാദേശിക കാർഷിക വികസന രംഗത്തും ഉത്പാദനരംഗത്തും മുന്നേറ്റമുണ്ടാക്കാൻ ഉതകുന്ന ധാരാളം പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. പച്ചക്കറി, ഹോർട്ടികൾച്ചർ വിളകൾ, കേരകൃഷി എന്നീ മേഖലകളിൽ ഉത്പാദനരംഗത്ത് വലിയൊരു നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് ഉത്പാദന വർദ്ധനവ് എന്ന ഏക ലക്ഷ്യത്തിൽ നിന്നും മൂന്നു പതിറ്റാണ്ടുകൾക്കു ശേഷം മൂല്യവർദ്ധനവ്, വിപണനം എന്നീ ആശയങ്ങളിലേക്ക് നാം തിരിയുന്നത്. പ്രാരംഭഘട്ടമായതിനാൽ തന്നെ അടിസ്ഥാനപരമായ ചില പ്രശ്നങ്ങൾ, വെല്ലുവിളികൾ കർഷകർ നേരിടുന്നുണ്ട്. ഇതുകൂടി മനസ്സിലാക്കുന്നതിനുള്ള ഒരു സംവിധാനമായാണ് കൃഷിദർശനെ കാണുന്നത്.

കേരളത്തിലെ കാർഷിക മേഖല രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അഭ്യസ്തവിദ്യരും പുരോഗമന ചിന്താഗതിക്കാരുമായ കേരളത്തിലെ കർഷക സമൂഹം ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏറെ മുന്നിലാണ്. ഭൂവിനിയോഗത്തിലെയും വിള സമ്പ്രദായത്തിന്റെയും കാര്യത്തിൽ കേരളത്തിന് തനതായ വ്യതിരക്തതകൾ ഉണ്ട്. രാജ്യത്തെ ആകെ ഭൂവിസ്തൃതിയുടെ 1.8 ശതമാനം മാത്രമാണ് സംസ്ഥാനം ഉൾക്കൊള്ളുന്നതെങ്കിലും അതിനുള്ളിൽ തന്നെ 23 സൂക്ഷ്മ കാർഷിക കാലാവസ്ഥ മേഖലകൾ ആണുള്ളത്.

കാർഷികാഭിവൃദ്ധി അതിന്റെ പൂർണ്ണാർത്ഥത്തിൽ അനുഭവവേദ്യമാകണമെങ്കിൽ ഓരോ കൃഷിയിടത്തിലും അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് കൃഷി ശാസ്ത്രത്തിൽ അധിഷ്ഠിതമായ അറിവുകൾ കർഷകനു പകർന്നു നൽകി അവിടം മികവുറ്റതാക്കാൻ കഴിയണം. തരിശു നിലങ്ങളിലേക്ക് പ്രത്യേകം പദ്ധതികൾ തയ്യാറാക്കണം. ഓരോ സ്ഥലത്തും ഉത്പാദിപ്പിക്കുവാൻ കഴിയുന്ന വിളകളെ കുറിച്ചും എത്രമാത്രം ഉല്പാദനം സാധ്യമാണ് എന്നതു സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടായിരിക്കണം. ഇത്തരത്തിൽ കൃഷിയിടത്തിൽ നിന്നും തുടങ്ങുന്ന ആസൂത്രണ സംവിധാനത്തിലേക്ക് കാർഷിക കേരളം മാറുകയാണ്. വിളകളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണ രീതിയായിരുന്നു ഇതുവരെ നിലനിന്നിരുന്നത്. എന്നാൽ പതിനാലാം പഞ്ചവത്സരപദ്ധതി മുതൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ ത്തിലേക്ക് നാം മാറുകയാണ്.

കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കർഷകർക്ക് പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഭാവിയിലെ ഏതൊരു കാർഷിക ആസൂത്രണ പദ്ധതിയും ഇത്തരം വെല്ലുവിളികളെ നേരിടാൻ കഴിയും വിധം രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിന് ആസൂത്രിതമായ ഇടപെടൽ ആവശ്യമാണ്. ജനങ്ങളുടെ അതിജീവന സാധ്യതകൾ വീണ്ടെടുക്കുന്നതിനും കേരളത്തിന്റെ പുനർനിർമ്മിതിയിലും കാർഷികമേഖലയ്ക്ക് വലിയ സംഭാവനങ്ങൾ നൽകുവാൻ കഴിയും. ഇതിനായി കൃഷിഭവനകൾ കർഷക സൗഹാർദ്ദപരമാക്കി മാറ്റുകയും ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായിട്ടുള്ള കൃഷി കൂട്ടങ്ങളെയും സ്വാശ്രയ ഗ്രൂപ്പുകളെയും ഇത്തരം ആശയങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാനുതകും വിധം പ്രത്യേകം വാർത്തെടുക്കേണ്ടതുണ്ട്. അതിനുള്ള ഒരു തുടക്കം കൂടിയാണ് കൃഷിദർശൻ പരിപാടി.

## കൃഷിദർശൻ - സംഘാടനം

സംസ്ഥാനത്തെ എല്ലാ കൃഷി ബ്ലോക്കുകളിലും ഘട്ടം ഘട്ടമായാണ് കൃഷിദർശൻ പരിപാടി നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ 1 എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്ക് തല പരിപാടിയായി രണ്ടാം ഘട്ടവും ഈവർഷം ഉണ്ടാകും. ഒരു ബ്ലോക്കിൽ മൂന്നോ നാലോ ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയായാണ് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള കൃഷിദർശൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

## കൃഷിദർശൻ - ഉപഘടകങ്ങൾ

കൃഷിദർശൻ നടപ്പിലാക്കുന്ന ബ്ലോക്കിലെ കാർഷിക പരിച്ഛേദം തൊട്ടറിയുന്ന തരത്തിൽ വിവിധങ്ങളായ പരിപാടികളാണ് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അതാത് ബ്ലോക്കുകളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

### a. കൃഷിയിട സന്ദർശനം

കൃഷിദർശൻ പരിപാടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരിനമാണ് ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൃഷിയിട സന്ദർശനം. മന്ത്രിക്കൊപ്പം കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, കാർഷിക വിദ്യാർഥികൾ എന്നിവരടങ്ങുന്ന ഒരു ടെക്നിക്കൽ ടീം തന്നെ കൃഷിയിട സന്ദർശനത്തിനുണ്ടാകും. നടീൽ വസ്തുക്കളുടെ വിൽപന, സഞ്ചരിക്കുന്ന

മണ്ണ് പരിശോധന ലബോറട്ടറി, വിള ഇറക്കൽ, വിളവെടുപ്പ് ചടങ്ങുകൾ എന്നിങ്ങനെ പരിപാടി ആകർഷകമാക്കാനുള്ള പരമാവധി സംവിധാനങ്ങൾ ഈ സന്ദർശന പരിപാടിയുടെ ഭാഗമായുണ്ടാകും.

### b.കർഷക ഗൃഹസന്ദർശനം

കൃഷി ദർശന്റെ ഭാഗമായി ബ്ലോക്കിലെ കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്ത് കേന്ദ്രമാക്കി കൃഷിമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം 'കർഷക ഗൃഹസന്ദർശനം' എന്ന പരിപാടി നടത്തും. ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് ഭവനം കൂട്ടായ്മ, കാർഷിക സാംസ്കാരിക പരിപാടികൾ എന്നിവയും ഇതിന്റെ ഭാഗമായി ഉണ്ടാകും.

### c. കൃഷിക്കൂട്ട സംഗമം

കൃഷിദർശൻ പരിപാടിയുടെ ഭാഗമായി അവസാന ദിവസം സംഘടിപ്പിക്കുന്ന പൊതു പരിപാടിയാണ് കൃഷിക്കൂട്ട സംഗമം. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള കൃഷിക്കൂട്ടങ്ങൾ ഈ പൊതു സമ്മേളനത്തിന് നേതൃത്വം നൽകും. അവാർഡ് ദാനം, ഘോഷയാത്ര, കർമ്മസേന പരേഡ് എന്നീ ചടങ്ങുകളോടു കൂടിയായിരിക്കും കൃഷിദർശൻ പരിപാടിയുടെ സമാപന സമ്മേളനം നടക്കുക. ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാ ഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായുമുള്ള പ്രഖ്യാപനവും ഇതേ വേദിയിലുണ്ടാവും.

### d. കാർഷിക അദാലത്ത്

ബഹു: കൃഷി വകുപ്പ് മന്ത്രി നേരിട്ട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കുന്ന പരിപാടിയാണ് കാർഷിക അദാലത്ത്. സാധ്യമായ പരിഹാരമാർഗ്ഗങ്ങൾ കൈകൊള്ളുന്നതിനുള്ള നിർദ്ദേശങ്ങളും മന്ത്രി അതേ വേദിയിൽ തന്നെ നൽകുന്നതാണ്. ഓൺലൈനായി കർഷകർക്ക് പരാതികൾ അറിയിക്കാനുള്ള സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

### e. കാർഷിക പ്രദർശനം

കൃഷിദർശൻ പരിപാടിയോടനുബന്ധിച്ച് കാർഷിക പ്രദർശനം, സെമിനാറുകൾ, മത്സരങ്ങൾ എന്നിവ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ഉണ്ടായിരിക്കും. എക്സിബിഷനിൽ കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവരുടെ സജീവ പങ്കാളിത്തവും ഉണ്ടാകും.

### f. അവലോകന യോഗങ്ങൾ

കൃഷിദർശൻ പരിപാടി സംഘടിപ്പിക്കപ്പെടുന്ന ബ്ലോക്കിൽ പരിപാടിയുടെ ഭാഗമായി ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരെയും കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ട് പദ്ധതി അവലോകനം നടത്തുന്നതായിരിക്കും. ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേക്ക് പദ്ധതി, കാർഷിക പ്രശ്നങ്ങൾ എന്നിവ ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച ചെയ്യും. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളെ കൂടി ഉൾപ്പെടുത്തിയുള്ള പ്രത്യേക അവലോകനയോഗവും ഇതേതുടർന്ന് ഉണ്ടായിരിക്കും. ജില്ലാ കളക്ടർ, അനുബന്ധ മേഖലകളായ മൃഗസംരക്ഷണ- ക്ഷീരവികസന- മത്സ്യബന്ധന -സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ, ബാങ്ക് പ്രതിനിധികൾ എന്നിവർ കൂടി പ്രസ്തുത യോഗത്തിൽ പങ്കാളികളാകും. ഇത്തരത്തിൽ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് സമഗ്രമായ ഒരു ചർച്ച തന്നെ അവിടെയുണ്ടാകും.

കൃഷിദർശൻ മുന്നോട്ടുവയ്ക്കുന്ന ആശയം ഉദ്യോഗസ്ഥർ കൃഷിയിടത്തിലേക്ക് എത്തുക എന്നതാണ്. ഫയലിൽ നിന്നും വയലിലേക്ക്, എല്ലാവരും പാടത്തേക്ക് എന്നീ പദ്ധതികൾ നമ്മൾ മുമ്പ് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ കർഷകരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും, ഉടനടി പരിഹാരം കണ്ടെത്തുന്നതിലും എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു. കർഷകനെ സംബന്ധിച്ചിടത്തോളം കൃഷി എന്നത് വിളപരിപാലനം മാത്രമല്ല; അനുബന്ധ ഘടകങ്ങളും ഉണ്ട്, ജലസേചനം, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.

വിവിധ സ്ഥാപനങ്ങളെ, വകുപ്പുകളെ, പദ്ധതികളെ ഏകോപിപ്പിച്ച് കർഷകർക്ക് ഒരു ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ നിർദ്ദേശങ്ങളും സേവനങ്ങളും നൽകുവാൻ കഴിയണം. അതിനായി കർഷകരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ആദ്യമായി മനസ്സിലാക്കണം. അതിനുവേണ്ടി കൂടിയുള്ള ഒരു ചവിട്ടു പടിയാണ് കൃഷിദർശൻ. ഇതിലൂടെ സ്മാർട്ട് കൃഷിഭവൻ, VAAM (മൂല്യവർധിത കൃഷി മിഷൻ) എന്നിവ അവ വിഭാവനം ചെയ്യുന്ന ഉദ്ദേശലക്ഷ്യങ്ങളോടെ നടപ്പിലാക്കുവാൻ കൃഷി വകുപ്പിനും സർക്കാരിനും കഴിയും. മികച്ച വിത്തും തൈകളും ലഭ്യമാക്കുകയും വിള പരിപാലനത്തിനും വിള വർദ്ധനവിലും ഉപകരിക്കുന്ന സാങ്കേതിക വിവരങ്ങൾ യഥാസമയം കൈമാറുകയും ആവശ്യം വേണ്ട സന്ദർഭങ്ങളിൽ സാമ്പത്തിക പിന്തുണ ഉറപ്പാക്കുകയും വിളനഷ്ടം വരാത്തവിധം വിപണി സൗകര്യം ഏർപ്പെടുത്തുകയും ചെയ്യാനായാൽ കാർഷികമേഖല കൂടുതൽ കരുത്തോടെ മുന്നേറുമെന്നതിൽ സംശയമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർണായകമായ ഇടപെടൽ കൂടി ഇതിന് ആവശ്യമാണ്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ഓരോ പ്രദേശത്തെയും മുഴുവൻ ജനവിഭാഗത്തെയും അണിനിരത്താൻ കഴിയണം. അതാത് പ്രദേശത്തെ അടിസ്ഥാന ആവശ്യങ്ങൾ മനസ്സിലാക്കി പരിഹരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയും. കാർഷികമേഖലയുടെ വർദ്ധിച്ച പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള വിഭവ വകയിരുത്തലും വിനിയോഗവും ഉറപ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ സാമ്പത്തിക വികസനത്തിനും അതിന് സഹായകമായ വിധത്തിൽ കാർഷിക വികസനത്തിനും ഗണ്യമായ സംഭാവന ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയും. അത്തരത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനും അതിനൊപ്പം ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ നമുക്ക് കഴിയും. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശൻ ഇതിന് അടിസ്ഥാനശിലയാകും.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh